കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂൺ 23, തിങ്കൾ

വാല്യം: 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2003 ജൂൺ മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യം (*151)

അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ

1 (*151) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗർഭിണികൾ, സ്ത്രീകൾ, അവരോടൊപ്പമുള്ള പിഞ്ചുകുഞ്ഞുങ്ങൾ എന്നിവരുടെ അറസ്റ്റ് സംബന്ധിച്ച് സുപ്രീംകോടതി എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) അറസ്റ്റ് സംബന്ധിച്ച് മുകളിൽ പറഞ്ഞ കാര്യങ്ങളിൽ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പോലീസിന്റെയും പൊതുജനങ്ങളുടേയും അറിവിനായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ എ. കെ. ആന്റണി) : സർ, (എ & ബി) ഗർഭിണികൾ, സ്ത്രീകൾ അവരോടൊപ്പമുള്ള പിഞ്ചു കുഞ്ഞുങ്ങൾ എന്നിവരെ അറസ്റ്റു ചെയ്യുന്നതിനു പ്രത്യേകം നിർദ്ദേശം ഒന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശങ്ങളിൽ കൊടുത്തിട്ടില്ല. പൊതു മാർഗ്ഗനിർദ്ദേശങ്ങളുടെ മലയാളം പതിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പോലീസിന്റെയും പൊതുജനങ്ങളുടെയും അറിവിനായി എല്ലാ പോലീസ് സ്റ്റേഷനുകളുടെയും മുമ്പിൽ ബോർഡുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പോലീസ് സ്റ്റേഷനുകളുടെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്നത് സ്വാഗതാർഹമാണെങ്കിലും ഞാൻ ആഗ്രഹിക്കുന്നത് പോലീസ് സ്റ്റേഷനുകളിൽ പോകാതെതന്നെ ആ നിർദ്ദേശങ്ങൾ സാധാരണക്കാർക്കു മനസ്സിലാക്കാൻ പറ്റുന്ന വിധത്തിൽ മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുമോ എന്നുള്ളതാണ്. അതോടൊപ്പംതന്നെ ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത അനുഭവം വരുമ്പോൾ എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ആന്റണി : സർ, പ്രധാനപ്പെട്ട മറ്റു സ്ഥലങ്ങളിൽകൂടി ഈ നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടികൾ എടുക്കാറുമുണ്ട്. അത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിക്കാറുമുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സ്ത്രീകളുടെയും ഗർഭിണികളുടെയും പിഞ്ചു കുഞ്ഞുങ്ങളുടെയുമൊപ്പം അറസ്റ്റു ചെയ്യപ്പെടുന്ന വനിതകളുടെയും ഒക്കെ പ്രശ്നങ്ങൾ സംബന്ധിച്ച് ആകാംക്ഷയുള്ളതുകൊണ്ടാണ് ഈ ചോദ്യം ഇങ്ങനെ പ്രത്യേകമായി ചോദിച്ചത്. ലൈംഗിക തൊഴിലാളികൾ എന്ന പേരിൽ ഒരു പുത്തൻ തൊഴിലാളി വർഗ്ഗത്തെ സൃഷ്ടിക്കാൻ അമിത താല്പര്യം കാണിക്കുന്ന പുരുഷന്മാരോട് എനിക്ക് പരമ പുച്ഛമാണെന്ന് മാത്രമെ ഞാൻ പറഞ്ഞുള്ളൂ. അതിൽ ആരും പ്രതിഷേധിക്കേണ്ട കാര്യമില്ല. അക്കൂട്ടത്തിൽപ്പെട്ടവർ ആരെങ്കിലും ഇവിടെ അസഹിഷ്ണുത പ്രകടിപ്പിക്കുന്നു എങ്കിൽ എനിക്ക് അതിൽ യാതൊരു പങ്കും ഇല്ല. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്ന കാര്യം സാമൂഹികമായി ദുർനടപ്പുകാരിയെന്ന് കാലാകാലങ്ങളായി വിശേഷിപ്പിക്കപ്പെട്ടു വരുന്ന സ്ത്രീകൾ കുറ്റകൃത്യങ്ങളുടെ പേരിൽ അറസ്റ്റിലാകുമ്പോൾ എങ്കിലും സുപ്രീം കോടതിയുടെ 8-ാം നമ്പർ നിർദ്ദേശമായി ഇവിടെ പറഞ്ഞിരിക്കുന്ന കാര്യം, കസ്റ്റഡിയിലെടുത്ത ആളെ 48 മണിക്കൂറിനുള്ളിൽ ഒരു ഡോക്ടർ, അതും ആരോഗ്യവകുപ്പു ഡയറക്ടർ നിർദ്ദേശിക്കുന്ന ഡോക്ടർ വന്നു പരിശോധിച്ച് റിപ്പോർട്ട് അയയ്ക്കണം എന്നുള്ളതാണ്. അറസ്റ്റു ചെയ്യപ്പെടുന്ന ആളുകളുടെ കാര്യത്തിൽ എങ്കിലും ഇതു പാലിക്കുന്നുണ്ടോ ? എല്ലാ സ്റ്റേഷനുകളിൽ നിന്നും ഇത്തരത്തിലുള്ള മെഡിക്കൽ പരിശോധനാ റിപ്പോർട്ട് കിട്ടുന്നുണ്ടോ? കിട്ടുന്നില്ലെങ്കിൽ 48 മണിക്കൂറിലധികം കസ്റ്റഡിയിൽ വയ്ക്കുന്നില്ല എന്നാണോ അതിന്റെ വ്യാഖ്യാനം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, 6-ാം നമ്പർ നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്നത് അറസ്റ്റു ചെയ്യപ്പെട്ട ആളുകൾ കസ്റ്റഡിയിൽ ഇരിക്കുന്നിടത്തോളം 48 മണിക്കൂറിൽ ഒരിക്കൽ ബന്ധപ്പെട്ട സംസ്ഥാനത്തെയോ കേന്ദ്ര ഭരണ പ്രദേശത്തെയോ ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമിച്ചിട്ടുള്ള അംഗീകൃത ഡോക്ടർമാരുടെ പാനലിൽ ഉള്ള വിദഗ്ദ്ധനായ ഒരു ഡോക്ടർ പരിശോധിക്കേണ്ടതുണ്ട് എന്നാണ്. എല്ലാ താലൂക്കുകളിലേക്കും ജില്ലകളിലേക്കുംവേണ്ടി അത്തരമൊരു പാനൽ ആരോഗ്യവകുപ്പ് തയ്യാറാക്കേണ്ടതുണ്ട്. അങ്ങനെ പരിശോധിക്കുന്നതിനു കർശനമായ നിർദ്ദേശമുണ്ട്. എവിടെയെങ്കിലും പരിശോധന നടക്കുന്നില്ല എന്നു ബോദ്ധ്യപ്പെട്ടാൽ തീർച്ചയായും ഗവൺമെന്റ് അന്വേഷിക്കും. കുറ്റം തെളിഞ്ഞാൽ നടപടി എടുക്കുകയും ചെയ്യും.

ശ്രീ. എം. മുരളി : സർ, സുപ്രീംകോടതി സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ പ്രത്യേകമായ മാനദണ്ഡം പുറപ്പെടുവിച്ചിട്ടില്ല എന്ന കാര്യം അങ്ങ് രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എനിക്കു അങ്ങയോട് പറയാനുള്ളത് കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും അറസ്റ്റിന്റെ കാര്യത്തിൽ പ്രത്യേകമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് അതു കർശനമായി പാലിക്കാൻ പോലീസിന് നിർദ്ദേശം നൽകുമോ എന്നാണ്.

ശ്രീ. എ. കെ. ആന്റണി : സർ, തീർച്ചയായും നിർദ്ദേശം നൽകും. പോലീസ് സേനയിൽ പുരുഷൻമാർ മാത്രം ഉണ്ടായിരുന്ന ഘട്ടത്തിൽ പലപ്പോഴും സ്ത്രീകൾക്ക് പല പ്രയാസങ്ങളും ഉണ്ടായതുകൊണ്ടാണ് പടിപടിയായി പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിച്ചത്. സ്ത്രീകളുടെ കാര്യത്തിൽ അവർക്കുതന്നെ ഒരു സുരക്ഷിതത്വം ഉണ്ടാകുന്നതിനു വേണ്ടിയാണ് ഇപ്രകാരം ചെയ്തത്. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. എം. മുരളി : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ്, സുപ്രീം കോടതി പുറപ്പെടുവിച്ച അറസ്റ്റു സംബന്ധിച്ച് മാനദണ്ഡങ്ങൾ ലംഘിച്ച് പോലീസ് ഉദ്യോഗസ്ഥൻമാരുടെമേൽ ഏറ്റവും കൂടുതൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അങ്ങനെ എത്ര പോലീസ് ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. കെ. ആന്റണി : സർ, വ്യക്തമായ കണക്ക് നൽകണമെങ്കിൽ പ്രത്യേകം ചോദ്യം ചോദിക്കണം. പക്ഷേ അങ്ങനെ മാനദണ്ഡങ്ങൾ ലംഘിക്കുന്നതായി ആക്ഷേപം ഉണ്ടാകുന്ന എല്ലാ ഘട്ടങ്ങളിലും ഗവൺമെന്റ് അന്വേഷണം നടത്താറുണ്ട്. കുറ്റവാളികൾക്ക് എതിരെ കർശനമായ നടപടികൾ സ്വീകരിക്കും. അതാണ് ഗവൺമെന്റിന്റെ നയം

ശ്രീ. കെ. ബാബു : സർ, സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കാത്തത് ഒരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് ഗ്രാമസഭകളിലും കുടുംബശ്രീ യൂണിറ്റുകളിലും ഇക്കാര്യം ചർച്ച ചെയ്യാനുള്ള അവസരം ഗവൺമെന്റ് ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ ചോദ്യത്തിന് ആദ്യമേതന്നെ ഞാൻ മറുപടി പറഞ്ഞു കഴിഞ്ഞു. പോലീസ് സ്റ്റേഷനു പുറമെ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനുവേണ്ടി ഈ ഗൈഡ് ലൈൻ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പ്രദർശിപ്പിക്കാനും അതുപോലെതന്നെ മറ്റു തരത്തിലുള്ള ചർച്ചകൾ നടത്തുന്നതിനുമൊക്കെ ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, അറസ്റ്റു ചെയ്യപ്പെടുന്നവർ അധോലോകത്തും അതുപോലെ ഇപ്പോൾ വളരെയേറെ പ്രചാരത്തിലുള്ള കണ്ടേഷൻ വെല്ലിലുമൊക്കെ ഉൾപ്പെടുന്ന ആളുകൾ പെട്ടെന്ന് ജാമ്യത്തിൽ ഇറങ്ങിപ്പോകുന്ന ഒരു പ്രവണത കേരളത്തിൽ ഉണ്ട്. പല സ്ഥലങ്ങളിലും ഇതിനെ ഫലപ്രദമായി നേരിടാൻ ഗുണ്ടാ നിയമങ്ങൾ പോലെയുള്ള നിയമങ്ങൾ ഉണ്ട്. കേരളത്തിൽ അത്തരം നിയമങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ആന്റണി : സർ, കേരളം ഒഴികെ മിക്കവാറും സംസ്ഥാനങ്ങളിൽ ഈ മാഫിയാ ഗുണ്ടാ ആക്ടിവിറ്റീസ് തടയുന്നതിനുവേണ്ടി കൂടുതൽ കർശനമായ നിയമങ്ങൾ ഉണ്ട്. അങ്ങനെ സ്ഥിരമായി ഗുണ്ടാ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ കൂടുതൽ സമയത്തേക്ക് തടവിൽ വയ്ക്കാനുള്ള വ്യവസ്ഥകൾ ഉള്ള നിയമങ്ങൾ ആണുള്ളത്. കേരളത്തിൽ പല ഗവൺമെന്റുകളും അത്തരത്തിൽ ഒരു നീക്കം നടത്തി എങ്കിലും ഗുണ്ടാ ആക്ട് എന്ന പേരു പറയുമ്പോൾ തന്നെ ഉണ്ടായ വിവാദത്തെ തുടർന്ന് ഇതു തുടങ്ങിവച്ച സ്ഥലത്തു നിന്നും ഒരു ഗവൺമെന്റും മുന്നോട്ടു പോയിട്ടില്ല. ഇതിന്റെ എല്ലാ വശങ്ങളും ആലോചിക്കാതെ പെട്ടെന്ന് ഒരു തീരുമാനം എടുക്കുക പ്രയാസമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ഏതായാലും പരിശോധിക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, സുപ്രീം കോടതി നിർദ്ദേശിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ച ഉദ്യോഗസ്ഥൻമാരുണ്ട്. ഈ മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ പ്രവർത്തിക്കുന്ന എത്രയോ ഉദ്യോഗസ്ഥൻമാർ നമ്മുടെ നാട്ടിൽ ഉണ്ട്. ഇപ്രകാരം മാനദണ്ഡങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി എടുക്കുന്നുണ്ടല്ലോ. ഇതു നിയന്ത്രിക്കുന്നതിനു ഒരു പ്രത്യേക സംവിധാനം, അറസ്റ്റു ചെയ്യുന്ന പൗരൻമാരോട് സുപ്രീം കോടതി നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിക്കാത്തവർക്ക് എതിരെ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനു പ്രത്യേക സംവിധാനം വല്ലതും ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. കെ. ആന്റണി : സർ, അറസ്റ്റുചെയ്യുന്ന ആളുകൾ സുപ്രീംകോടതി പറയുന്ന നിർദ്ദേശങ്ങൾക്ക് അനുസരണമായി പെരുമാറുന്നില്ല എന്നുള്ള ആക്ഷേപം ഉണ്ടാകുന്ന എല്ലാ കേസ്സുകളിലും ഈ ഗവൺമെന്റ് വന്നതിനു ശേഷം കാരണം അന്വേഷിക്കുന്നുണ്ട്. കുറ്റം തെളിഞ്ഞാൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം തീർച്ചയായും പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അറസ്റ്റുചെയ്ത പ്രതികൾക്ക് പ്രധാനമായും ഉണ്ടാകുന്ന പ്രശ്നം പോലീസ് സ്റ്റേഷനുകളുടെ സൗകര്യമില്ലായ്മയാണ്. ലോക്കപ്പു മുറികളിലും മറ്റും പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഉള്ളത്. ഇത്തരം കേസ്സുകളിൽപ്പെട്ട് അറസ്റ്റ് ചെയ്യപ്പെടുന്ന ആളുകൾക്ക് ആവശ്യമായ സംരക്ഷണം കൊടുക്കാനും അവർക്ക് സുപ്രീംകോടതി നിർദ്ദേശിച്ച മാനദണ്ഡം പഠിക്കാനും ഈ പോലീസ് സ്റ്റേഷനുകൾ നവീകരിക്കാനും വല്ല പദ്ധതികളും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മിക്ക പോലീസ് സ്റ്റേഷനുകളിലും പഴയ കാലത്ത് വലിയ സൗകര്യങ്ങൾ ഒന്നുമില്ലായിരുന്നു. പക്ഷേ കഴിഞ്ഞ കുറെ വർഷങ്ങളായി പോലീസ് സ്റ്റേഷൻ നവീകരിക്കാനുള്ള നടപടികൾക്ക് വേഗത കൂട്ടിയിട്ടുണ്ട്. സമയ ബന്ധിതമായി തന്നെ കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ എല്ലാം നവീകരിക്കാനുള്ള പദ്ധതി പോലീസ് നവീകരണത്തിന്റെ ഭാഗമായി നടപ്പാക്കിവരികയാണ്. അതിന്റെ വേഗത കൂട്ടാൻ ഗവൺമെന്റ് തീർച്ചയായും ശ്രമിക്കുന്നതാണ്.

ശ്രീ. എൻ. ശക്തൻ : സർ, വനിതകളെ അറസ്റ്റു ചെയ്യുമ്പോൾ രാത്രി കാലങ്ങളിൽ അവരെ പോലീസ് സ്റ്റേഷനുകളിൽ പാർപ്പിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. മുഖ്യമന്ത്രിതന്നെ വനിതാ കോൺസ്റ്റബിൾമാരുടെ എണ്ണം വർദ്ധിപ്പിക്കുമെന്നു പറഞ്ഞിട്ടുണ്ട്. എന്റെ ചോദ്യം ഇത്തരം സാഹചര്യങ്ങളിൽ വനിതകളുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനും അറസ്റ്റുചെയ്യുന്ന വനിതകളെ സംരക്ഷിക്കുന്നതിനുമായി ഓരോ താലൂക്കിലും ഒരു വനിതാ പോലീസ് സ്റ്റേഷൻ വീതം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി : സർ, ഇപ്പോൾ ചില സ്ഥലങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ഉണ്ട്. തിരുവനന്തപുരത്ത് ഒരു വനിതാ പോലീസ് സ്റ്റേഷൻ ഉണ്ട്. സംസ്ഥാനത്ത് കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായിത്തന്നെ ആലോചിക്കുന്നതാണ്.

ശ്രീ. എൻ. ശക്തൻ : സർ, ഒരു താലൂക്കിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

മി. സ്പീക്കർ : അതിനുള്ള മറുപടിതന്നെയാണ് പറഞ്ഞത്.

ശ്രീ. എൻ. ശക്തൻ : സർ, എന്റെ അടുത്ത ചോദ്യം അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ശരിയായ വിധത്തിൽ ബോധവൽക്കരണം നടത്തണമെന്നുള്ളതാണ്. ഇപ്പോൾ പോലീസ് സ്റ്റേഷനുകളിലൊക്കെ മാർഗ്ഗനിർദ്ദേശക ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്, മറ്റ് പ്രധാന സ്ഥലങ്ങളിലുമൊക്കെ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും ടി.വി., പത്രം തുടങ്ങിയ മാധ്യമങ്ങളിൽക്കൂടി ജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിനാവശ്യമായ വിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, വളരെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർമാരുടെ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ളത്. പോലീസ് സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതു മാത്രം പോരാ എന്ന നിഗമനത്തിലാണ് മെമ്പർമാർ എത്തിയിരിക്കുന്നത്. ഈ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതിനു പുറമെ ജനങ്ങൾക്ക് ബോധവൽക്കരണമുണ്ടാക്കാൻ വേണ്ടി മറ്റു നിലയിലുള്ള പ്രസിദ്ധീകരണങ്ങളെ കുറിച്ച് ഗവൺമെന്റ് തീർച്ചയായും പരിശോധിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അറസ്റ്റ് ചെയ്യുമ്പോഴും അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലെടുക്കുമ്പോഴും പോലീസ് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് സുപ്രീംകോടതി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ട് ഉണ്ടെങ്കിലും അടുത്തകാലത്തുണ്ടായ മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട ജാനുവിനെ മൃഗീയമായി മർദ്ദിച്ചുവെന്നും അറസ്റ്റ് ചെയ്യപ്പെട്ട മൂന്ന് ആദിവാസി സ്ത്രീകളെ ലൈംഗികമായി പീഡിപ്പിച്ചുവെന്നുള്ള പരാതിയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് ഗവൺമെന്റിന് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ; അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. കെ. ആന്റണി : സർ, ഏതായാലും മുത്തങ്ങ സംഭവംവഴി വളരെ വിവാദമുണ്ടാക്കി ഗവൺമെന്റിനെതിരെ കരിനിഴൽ വീഴ്ത്താൻ പലരും ശ്രമിച്ചതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അടിയന്തര പ്രമേയത്തിന്റെ ആരംഭംതന്നെ മുത്തങ്ങയിൽ പത്തോളം പേർ മരിച്ചു എന്നുള്ള രീതിയിലായിരുന്നു. ഇപ്പോൾ അതിന്റെയൊക്കെ കെട്ടുകഥകൾ കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും ഇതേക്കുറിച്ച് ധാരാളം പ്രചാരമുണ്ടാക്കിയ സാഹചര്യത്തിൽ നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ ഗവൺമെന്റിനോടാവശ്യപ്പെട്ട നിർമ്മലാദേശ്പാണ്ഡെയുടെ പരാതി ആദ്യംതന്നെ സി.ബി.ഐ-ക്ക് കൈമാറി. ഇപ്പോൾ അതിനുംപുറമെ മുത്തങ്ങ സംഭവത്തെക്കുറിച്ച് പോലീസ് ചാർജ് ചെയ്ത ഏഴ് കേസുകൾകൂടി ആരുമാവശ്യപ്പെടാതെ സ്വമേധയാ സി.ബി.ഐ-ക്ക് കൈമാറാൻ ഗവൺമെന്റ് തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്, ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. എല്ലാ സത്യവും പുറത്തുവരട്ടെ, ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാൻ ഇല്ല. ഇത്രയും സുതാര്യമായൊരു നിലപാട് ഈ സർക്കാരല്ലാതെ കേരളത്തിനു വെളിയിലുള്ള ഏതെങ്കിലും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ ചോദിച്ച ചോദ്യത്തിന്റെ ഉത്തരമല്ല പറഞ്ഞത്.

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുൾപ്പെടെ 14 പേരെ മണ്ണെണ്ണയും പഞ്ചസ്സാരയും ഇട്ട് കൊന്നു എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സി.ബി.ഐ അന്വേഷിക്കട്ടെ എന്നുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. ഇതുസംബന്ധിച്ചുള്ള ഏഴ് കേസുകളുംകൂടി സി.ബി.ഐ.ക്ക് കൈമാറിയിരിക്കുന്നു. ഇനിയുള്ള കാര്യങ്ങൾ അവർ അന്വേഷിക്കട്ടെ. സി.ബി.ഐ അന്വേഷിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പറുടെ കൈയിൽ കൂടുതൽ വിവരങ്ങളുണ്ടെങ്കിൽ ആ വിവരങ്ങൾ സി.ബി.ഐ-യ്ക്ക് കൈമാറാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സുപ്രീംകോടതിയുടെ ഡയറക്ഷൻ വന്നതിനുശേഷവും നമ്മുടെ സംസ്ഥാനത്ത് നടന്ന അറസ്റ്റുകളിൽ ഒരിക്കലും ഇതു പാലിക്കപ്പെടാതെ പോകുന്ന നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നെയും ശ്രീ. അടൂർ പ്രകാശ് എം.എൽ.എ-യേയും അറസ്റ്റ് ചെയ്ത് ജയിലിൽ കൊണ്ടുപോയി, പക്ഷെ സുപ്രീംകോടതിയുടെ ഒരു നിബന്ധനയും അവർ പാലിച്ചതായി എനിക്കറിയില്ല. ചില പ്രാകൃതമായ സമ്പ്രദായങ്ങൾ നമ്മുടെ പോലീസ് ട്രെയിനിംഗിനകത്ത് നില നിൽക്കുകയാണ്. പോലീസ് പിടിക്കുന്ന പ്രതിയെ നേരെ സെല്ലിൽകൊണ്ടുപോയി ഇട്ടാൽ അടിവസ്ത്രം മാത്രം ഇടീച്ചു നിർത്തുന്ന സംഭവങ്ങൾ ഉണ്ട്. ഇതൊന്നും ഒരിക്കലും ഉൾക്കൊള്ളാൻ കഴിയാത്ത കാര്യങ്ങളാണ്. ഈ മോഡേൺ കാലഘട്ടത്തിൽ ഉൾക്കൊള്ളാൻ കഴിയാത്ത വിധത്തിലുള്ള പ്രാകൃതമായ കാര്യങ്ങൾ പോലീസ് സേനയിൽ നിലനിൽക്കുകയാണ്. ഈ പ്രാകൃത സംപ്രദായങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പോലീസ് പരിഷ്ക്കരണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ അനുഭാവപൂർവം നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പോലീസ് സ്റ്റേഷനിലേക്ക് അറസ്റ്റുചെയ്തുകൊണ്ട് പോയാൽ ഈ പറഞ്ഞതുപോലുള്ള നടപടിക്രമങ്ങളാണ് അവർ ചെയ്യുന്നത്. ഞാൻ ഇത് കഴിഞ്ഞ പ്രാവശ്യംതന്നെ പരിഹരിക്കാൻ ശ്രമിച്ചതാണ്. അന്ന് പോലീസിന്റെ ഭാഗത്തുനിന്നും വന്ന പ്രധാനപ്പെട്ട ഒരു ആക്ഷേപം അങ്ങനെ എല്ലാ വസ്ത്രങ്ങളും കൊടുത്തുകഴിഞ്ഞാൽ ആരെങ്കിലും കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്താൽ ഞങ്ങൾ കുടുങ്ങുമെന്നാണ് അവർ പറഞ്ഞത്. അന്ന് എനിക്ക് നടപ്പാക്കാൻ കഴിയാതെ പോയത്, എനിക്കുശേഷം വന്ന മറ്റ് മന്ത്രിസഭകളും ഈ കാര്യത്തിൽ ഒരു തീരുമാനമെടുത്തില്ല. എനിക്ക് ഈ കാര്യത്തെക്കുറിച്ച് ഒറ്റയടിക്ക് ഒരു ഉത്തരം പറയാൻ പ്രയാസമുണ്ട്. ഏതായാലും കാലം മാറിക്കൊണ്ടിരിക്കുന്ന, ലോകം കൂടുതൽ പരിഷ്കൃതമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ എന്തു മാറ്റം വരുത്താൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച്, പോലീസ് പരിഷ്ക്കരണത്തെക്കുറിച്ച് ആലോചിക്കുന്നയവസരത്തിൽ ഗവൺമെന്റ് തീർച്ചയായും ഇക്കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. പി. ജയരാജൻ : സർ, സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ടുള്ള അറസ്റ്റും മർദ്ദനവുമൊക്കെ കേരളത്തിലെ പല മേഖലകളിൽ നിന്നും റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ഈയിടെ കുത്തുപറമ്പിൽ ഒരു സംഭവമുണ്ടായി, കുത്തുപറമ്പ് മജിസ്ട്രേട്ട് കോടതി ഒരു കേസിന് റിമാന്റ് ചെയ്ത ഒരു പ്രതിയെ ജയിലിലേക്ക് കൊണ്ടുപോകുന്നതിനിടയിലാണ് സ്റ്റേഷൻ ചാർജ് ഓഫീസറായിട്ടുള്ള എ.എസ്.പി ട്രെയിനി സന്തോഷ് വർമ്മ കോടതിയിലേക്ക് കൊണ്ടുപോകുന്ന അവസരത്തിലാണ് കസ്റ്റഡിയിലെടുത്ത് ലോക്കപ്പിൽ വച്ച് മർദ്ദിച്ചത്. ഇതുസംബന്ധിച്ച് ജയിലിൽ കിടക്കുന്ന റിമാന്റ് പ്രതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കടക്കം പരാതി നൽകിയിട്ടുണ്ട്. അപ്പോൾ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി കൈകൊണ്ടിട്ടുണ്ടോ ; റിമാന്റ് ചെയ്ത പ്രതിയെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി തല്ലിയ പ്രശ്നം വലിയ പ്രക്ഷോഭത്തിനിടയാക്കിയിട്ടുള്ളതാണ്. ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, ഈ കാര്യം എനിക്ക് ഓർമ്മയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇതുസംബന്ധിച്ച് ഒരു പരാതി തന്നിട്ടുണ്ട്. ഞാൻ അത് അന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, സുപ്രീം കോടതി നിർദ്ദേശങ്ങൾ നല്ല ഇന്റൻഷനിൽ ഉണ്ടാക്കിവച്ചതാണ്. സ്ഥിരം കുറ്റവാളികളിൽ പലരും ഇത് ദുരുപയോഗം ചെയ്യുകയാണ്. സ്ഥിരമായി കുറ്റകൃത്യങ്ങൾ ചെയ്യുകയും ഡ്രഗ്സ് അടിക്കുന്നവരുമായിട്ടുള്ള പലരും ഈ മറവിൽ രക്ഷപ്പെടുന്നതിന്റെ പേരിൽ നഗരങ്ങളിൽ പോലീസിന് ഇഫക്ടീവായിട്ട് പ്രവർത്തിക്കാൻ കഴിയുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതാണ് ഇതിന്റെ ഗുരുതരമായ മറുവശം. ഒരു വർഷത്തിൽ സ്ഥിരമായി കുറ്റകൃത്യങ്ങൾ, ക്രിമിനൽ കുറ്റങ്ങൾ, അതുപോലെ മോഷണം എന്നിവ നടത്തി പത്ത് അറുപത് പ്രാവശ്യം ജാമ്യത്തിലിറങ്ങുന്ന സ്ഥിരം ഗുണ്ടകൾ, വാടക ഗുണ്ടകൾ തുടങ്ങിയവർ കേരളത്തിലുണ്ട്. അവർക്കും മാനദണ്ഡങ്ങളുടെ പരിരക്ഷ കിട്ടുന്നുണ്ട്. അവരെ എങ്ങനെ കൈകാര്യം ചെയ്യുകയെന്നുള്ളതാണ് ഗവൺമെന്റിനെ ഇപ്പോൾ അലട്ടുന്ന ഒരു പ്രശ്നം. അതിനെക്കുറിച്ചുള്ള മാർഗ്ഗമെന്താണെന്ന് ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഗർഭിണികൾ, സ്ത്രീകൾ, അവരോടൊപ്പമുള്ള പിഞ്ചുകുഞ്ഞുങ്ങൾ എന്നിവരെ അറസ്റ്റ് ചെയ്യുമ്പോൾ സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പോലീസ് പ്രവർത്തിക്കുന്നില്ല എന്നുള്ളതിനെക്കുറിച്ചാണ് ചർച്ച നടക്കുന്നത്. നേരത്തെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ച ഒരു കാര്യം കേരളത്തിലെ ആദിവാസികൾ ഭൂമിക്കുവേണ്ടിയുള്ള സമരം നടത്തുന്ന സന്ദർഭത്തിൽ വയനാട്ടിൽ നിന്ന് ശാന്തയെന്ന ഗർഭിണിയായ സഹോദരിയെ അറസ്റ്റ് ചെയ്തു. അവർക്ക് വേണ്ടത്ര പരിചരണം കിട്ടാത്തതിന്റെ ഫലമായി അവർ പ്രസവിച്ച കുഞ്ഞ് മരിച്ചുപോയ ഒരു സ്ഥിതിവിശേഷമുണ്ടായി. അതുസംബന്ധിച്ച് ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ, എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? അതോടൊപ്പം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ച മറ്റൊരു ചോദ്യം ആദിവാസികളുടെ നേതാവായ ജാനുവിനെ അറസ്റ്റ് ചെയ്ത സമയത്ത് അടിച്ച് മോന്തയുടെ ഷെയിപ്പ് മാറ്റിയത് സംബന്ധിച്ചാണ്. അങ്ങുതന്നെ അവരെ സഹോദരിയായിട്ടാണ് എപ്പോഴും പറയപ്പെടുന്നത്. പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പ് മന്ത്രിയും അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയുള്ള ഒരു സഹോദരിക്ക് ഇത്രയും ഭീകരമായ നിലപാട് പോലീസിൽ നിന്നുമുണ്ടായതിനെ സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് പറയുവാനുള്ളത് ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ശ്രീ. രാധാകൃഷ്ണന്റെ പാർട്ടിക്ക് അവരോടുള്ള വിരോധമൊന്നും എനിക്ക് ജാനുവിനോട് ഇല്ല. മുത്തങ്ങയിൽപ്പോയി സമരം ചെയ്തതിലുള്ള അഭിപ്രായ വ്യത്യാസമൊഴിച്ച് വേറൊരു വിരോധവും ഇല്ല. ജാനു ഒരു

അമേരിക്കൻ ഏജന്റാണെന്ന അഭിപ്രായമൊന്നും എനിക്കോ എന്റെ ഗവൺമെന്റിനോ ഇല്ല. ഇൻഡ്യയിലെ അറിയപ്പെടുന്ന ഒരു വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽപ്പോയി, കേരളാ ഗവൺമെന്റിനല്ല, ഇൻഡ്യാ ഗവൺമെന്റിനുപോലും പതിച്ചുകൊടുക്കാൻ പറ്റാത്ത ഒരു സ്ഥലത്തുപോയി സമരം ചെയ്തതിലുള്ള ഒരു അഭിപ്രായവ്യത്യാസമാണുള്ളത്. അല്ലാതെ അങ്ങയുടെ പാർട്ടിക്കുള്ളതു പോലുള്ള രാഷ്ട്രീയ വിരോധം അവരോട് ഇല്ല. പാവപ്പെട്ട ആദിവാസി സഹോദരിയോട് പ്രതികാരം ചെയ്യേണ്ട കാര്യമില്ല. അവരുടെ ന്യായമായ ഡിമാന്റുകൾ പരിഹരിക്കാൻ ഇപ്പോഴും ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഡെൽഹിയിൽ നിന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കേരളാ ഗവൺമെന്റ് പറഞ്ഞതുപോലെ ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് ഒരു ഭാഗം. രണ്ടാമത്തെ ഭാഗം മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് കേരളത്തിലും കേരളത്തിന് വെളിയിലുമുള്ള രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ ഇവരെല്ലാം നിരവധി പരാതികൾ നാഷണൽ ഹ്യൂമൺ റൈറ്റ്സ് കമ്മീഷന് കൊടുത്തു. നാഷണൽ ഹ്യൂമൺ റൈറ്റ്സ് കമ്മീഷന് കൊടുത്ത പരാതി അന്വേഷിക്കാൻ സംസ്ഥാന ഗവൺമെന്റ് ഹ്യൂമൺ റൈറ്റ്സ് കമ്മീഷനോട് ആവശ്യപ്പെട്ടു. ഇൻഡിപെന്റന്റ് ഏജൻസി അന്വേഷിക്കണം Preferably സി.ബി.ഐ എന്നു പറഞ്ഞു. ആ നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ നിർദ്ദേശം വന്ന് മൂന്നു മണിക്കൂറിനകം കാബിനറ്റ് കൂടി ആ പ്രശ്നം സി.ബി.ഐ-ക്ക് കൈമാറി, അതിനെത്തുടർന്ന് പലപല പരാതികൾ വന്നപ്പോൾ ഈ അന്വേഷണം തൃപ്തികരമല്ലെന്നു ചില കേന്ദ്രങ്ങൾ പറഞ്ഞയവസരത്തിൽ, ഗവൺമെന്റിനാണെങ്കിൽ ഒന്നും മറച്ചുവയ്ക്കാനില്ല, എല്ലാ സത്യവും പുറത്തുവരട്ടെ അതുകൊണ്ട് അതുമായി ബന്ധപ്പെട്ട കേസുകൾ ഇപ്പോൾ സി.ബി.ഐ യ്ക്ക് കൈമാറിയിരിക്കുകയാണ്. സി.ബി.ഐ അന്വേഷണം പുറത്തുവരട്ടെ, അവരുടെ റിപ്പോർട്ട് വരട്ടെ. സി.ബി.ഐ റിപ്പോർട്ട് എനിക്കല്ല വരുന്നത് കേന്ദ്ര ഗവൺമെന്റിലേയ്ക്കാണ് പോകുന്നത്. സി.ബി.ഐ റിപ്പോർട്ട് വന്നുകഴിയുമ്പോൾ ആരെങ്കിലും കുറ്റംചെയ്തുവെന്ന് വന്നാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കും, ഈ കാര്യത്തിൽ ഒരു സംശയവും വേണ്ട. റിപ്പോർട്ട് വരട്ടെ, റിപ്പോർട്ട് വരുന്നതിനുമുൻപ് നമുക്ക് ഒരു തീരുമാനമെടുക്കാൻ പ്രയാസമാണ്.

<u>ശ്രീ. എ. എൻ. രാജൻ ബാബു</u> : സർ, പല യൂറോപ്യൻ രാജ്യങ്ങളിലും അറസ്റ്റ് എന്നു പറയുന്നത് പ്രതികൾക്കെതിരെയുള്ള എല്ലാ തെളിവുകളും ശേഖരിച്ചതിനുശേഷം ഇൻവെസ്റ്റിഗേഷന്റെ ലാസ്റ്റ് സ്റ്റേജിലാണ്. എന്നാൽ നമ്മൾ ഇവിടെ വർഗ്ഗീയ കലാപം പോലുള്ള അടിയന്തര സാഹചര്യം ഒഴിച്ച് ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ അതിനെ സംബന്ധിച്ച് അന്വേഷിക്കാതെ പ്രതിയെ പിടിച്ച് ലോക്കപ്പിൽ ഇടുകയാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ മനുഷ്യാവകാശ ലംഘനം നടത്താതെ അന്വേഷണം നടത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സാധാരണ കാര്യങ്ങളിൽ സ്വീകരിക്കുമോ ?

<u>ശ്രീ.എ. കെ. ആന്റണി</u> : സർ, അതിപ്രഗത്ഭനായ അഭിഭാഷകനായ അങ്ങയുടെ ചോദ്യത്തിന് മറുപടി പറയാൻ പ്രയാസമാണ്. ഏതായാലും അങ്ങ് പറഞ്ഞ കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, സുപ്രീം കോടതി DK Vas Vs West Bengal എന്ന കേസ്സിലാണ് സുപ്രധാനമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. ഇത് അങ്ങേക്കും അറിയാവുന്ന കാര്യമാണ്. അതിൽ ഏഴാമതായി സുപ്രീം കോടതി പറഞ്ഞ കാര്യം, അറസ്റ്റ് ചെയ്യുന്ന സമയത്ത് അവരുടെ ദേഹത്ത് മൈനറോ മേജറോ ആയ പരിക്കുകൾ ഉണ്ടെങ്കിൽ അത് റിക്കോർഡ് ചെയ്യണം. ഒരു ഇൻസ്പെക്ഷൻ മെമ്മോ ആയി അത് രേഖപ്പെടുത്തണം. എന്നിട്ട് അറസ്റ്റ് ആവശ്യപ്പെട്ടാൽ അതിന്റെ കോപ്പി കൊടുക്കണം എന്നാണ്. അങ്ങയുടെ ശ്രദ്ധയിൽ നിരവധി തവണ ബോദ്ധ്യപ്പെടുത്തിയിട്ടുള്ള കാര്യമാണ് ലോക്കപ് മർദ്ദനം. മാനന്തവാടി, പാനൂർ, കുത്തുപറമ്പ്, ധർമ്മടം എന്നീ പോലീസ് സ്റ്റേഷനുകളിലെല്ലാം നടന്നിട്ടുള്ള ലോക്കപ് മർദ്ദനങ്ങളിൽ ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബു പറയുന്നതുപോലെ പ്രതിയെ പിടിക്കുമ്പോൾ തന്നെ പോലീസുകാർ തല്ലുകയാണ്. കുറ്റക്കാരനാണോ അല്ലയോയെന്ന് നോക്കാതെ ഒരാളെ പിടിക്കുമ്പോൾതന്നെ മർദ്ദിക്കുകയാണ്.

ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഒൻപതും നാലും വയസ്സ് പ്രായമുള്ള രണ്ട് ആദിവാസി കുട്ടികളെ പോലീസ് അറസ്റ്റ് ചെയ്ത്, പോലീസിന്റെ പീഡനത്തിൽ പരിക്കുപറ്റി ഇപ്പോൾ ജയിലിൽ അടച്ചിരിക്കുന്നതാണ്. പോലീസ് മർദ്ദനം പാടില്ലായെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടും 14 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ അറസ്റ്റ് ചെയ്യാൻ വ്യവസ്ഥയുണ്ടോ; നിയമവിരുദ്ധമായ നടപടിയാണ് പോലീസ് സ്വീകരിക്കുന്നത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരക്കാരായ പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. കെ. ആന്റണി : സർ, ലോക്കപ്പ് മർദ്ദനത്തിനെക്കുറിച്ചുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും ഉയർന്നുവരാൻ തുടങ്ങിയത് പോലീസ് ഉണ്ടായ കാലം മുതലാണ്. അത് അപ്പുറത്തിരിക്കുന്നവരുടേയും ഇപ്പുറത്തിരിക്കുന്നവരുടേയും കാലഘട്ടങ്ങളിൽ ധാരാളം ഉണ്ടായിട്ടുണ്ട്. ഏതായാലും ഇപ്പുറത്തിരിക്കുന്നവർ ഭരിക്കുന്ന കാലത്ത് ആക്ഷേപങ്ങൾ ഉണ്ടായാൽ അന്വേഷിക്കാറുണ്ട്. അന്വേഷിച്ച് കുറ്റം ചെയ്തവർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. ഈ ഗവൺമെന്റും അങ്ങനെയാണ് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ആദിവാസി കുട്ടികളുടെ കാര്യം, ഈ ഗവൺമെന്റ് കുട്ടികളെ ആരേയും അറസ്റ്റ് ചെയ്യാറില്ല. അമ്മമാരെ അറസ്റ്റ് ചെയ്യുമ്പോൾ കുട്ടികളെക്കൂടി അറസ്റ്റ് ചെയ്ത് ജയിലുകളിലേക്ക് അയയ്ക്കുകയാണ് സാധാരണ പതിവ്. കാരണം അമ്മമാരിൽ നിന്ന് വേർപെട്ട് കുട്ടികളെ കൊണ്ടുപോകാൻ പ്രയാസമാണ്. എല്ലാ ഗവൺമെന്റിന്റെ കാലത്തും അമ്മമാരെ അറസ്റ്റ് ചെയ്യുമ്പോൾ അവരുടെകൂടെ കൊച്ചുകുട്ടികളെക്കൂടി ജയിലിൽ പാർപ്പിക്കാറുണ്ട്. ഇതാണ് സംഭവിച്ചിട്ടുള്ളത്. ഞാൻ നേരത്തേ പറഞ്ഞു, മുത്തങ്ങ സംഭവത്തെക്കുറിച്ചാണ് നിങ്ങൾക്ക് ആകാംക്ഷ.

Mr. Speaker : It is only a concession, not any austerity.

കൊച്ചിനെ പുറത്തുവിട്ടിട്ട് അമ്മയെ അയയ്ക്കുന്നതല്ലേ അതിനേക്കാൾ ക്രൂരത ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.എ.കെ. ആന്റണി : സർ, മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട ഏഴു കേസ്സുകളും ഇപ്പോൾ സി.ബി.ഐ. യുടെ അന്വേഷണത്തിന് വിട്ടിരിക്കുകയാണ്. അവർ അന്വേഷിക്കട്ടെ. അന്വേഷിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ജയരാജന്റെ കയ്യിലുള്ള വിവരവും സി.ബി.ഐ.ക്ക് കൈമാറുക. ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവർക്കുവേണ്ടി വക്കാലത്ത് പിടിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. പക്ഷേ മുൻകൂട്ടി ആരാണ് കുറ്റം ചെയ്യുന്നതെന്ന് നോക്കി ശിക്ഷിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. മുത്തങ്ങയിൽ അന്ന് നടന്ന ആക്രമണങ്ങളും മറ്റ് എല്ലാ കാര്യങ്ങളും സി.ബി.ഐ. പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് വരട്ടെ. റിപ്പോർട്ട് വരുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു : സർ, അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇവിടെ നിലനിൽക്കുമ്പോൾതന്നെ വയലേഷൻ തുടരുകയാണ്. ഇതുപോലുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനും ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കുന്നത് തടയുന്നതിനുംവേണ്ടി ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ ജനപ്രതിനിധികൾ അടങ്ങുന്ന ഒരു അവലോകന സമിതി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. എ.കെ. ആന്റണി : സർ, ഈ പ്രശ്നം മാത്രമല്ല, പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെ, എം.എൽ.എ.മാരുടെ യോഗം വിളിച്ചുകൂട്ടാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലകളുടെ യോഗത്തിൽ പോലീസ് സൂപ്രണ്ടുമാരും ഡി.ഐ.ജി.മാരുംകൂടി പങ്കെടുക്കണം. അവിടെവച്ച് ജനപ്രതിനിധികൾക്ക് പോലീസിനെക്കുറിച്ച് പറയാനുള്ള കാര്യങ്ങൾ പറയാൻ അവസരമുണ്ടാക്കണമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. അതനുസരിച്ചുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കണ്ണൂർ ജില്ല ഉൾപ്പെടെ ചില ജില്ലകളിൽ യോഗങ്ങൾ നടന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറയുകയുണ്ടായി. ആദിവാസികളടക്കം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഏറ്റവും കൂടുതൽ കൂറ്റകൃത്യം നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ നിർദ്ദേശം കിട്ടിയതിനുശേഷം, ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ സമ്മേളനം വിളിച്ചുകൂട്ടി ഇതു സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യം ശരിയാണ്. ആദിവാസികൾക്കെതിരെയുള്ള അതിക്രമങ്ങൾ കേരളത്തിലും ഒരുപാട് നടക്കുന്നുണ്ട്. ഇപ്പോഴും നടക്കുന്നുണ്ട്, പണ്ടും ഉണ്ട്. ആദിവാസി

ക്ഷേമത്തിനുവേണ്ടി മുടക്കിയ പണമെല്ലാം ഉണ്ടായിരുന്നുവെങ്കിൽ അട്ടപ്പാടിയൊക്കെ ഇന്ന് ഭൂമിയിലെ സ്വർഗ്ഗമായിട്ട് മാറുമായിരുന്നു. അവരുടെ പണവും ആളുകൾ ചൂഷണം ചെയ്യുന്നുണ്ട്. അതിക്രമവും എല്ലാ കാലങ്ങളിലും നടക്കുന്നുണ്ട്. കേരളത്തിൽ മാത്രമല്ല, ഇൻഡ്യ മുഴുവനും. നക്സലുകൾ എന്നുപറഞ്ഞ് പല സംസ്ഥാനങ്ങളിലും വെടിവച്ച് കൊല്ലുന്നത് പാവപ്പെട്ട ആദിവാസികളെയാണ്. അതാണ് ഇൻഡ്യയിൽ മുഴുവൻ നടക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഏറ്റവും മുൻകൈയെടുക്കുന്ന സംസ്ഥാനം കേരളമാണ്. ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നുണ്ട്. തീർച്ചയായും ഇനിയും ശ്രമിക്കുന്നതുമാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ സമ്മേളനം വിളിച്ചുകൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നുള്ള സ്പെസിഫിക് ചോദ്യമാണ് ചോദിച്ചത്.

മി. സ്പീക്കർ : ഈ ജഡ്ജ്മെന്റ് വന്നത് ഏത് വർഷമാണ്?

ശ്രീ. എ. കെ. ആന്റണി : സർ, ഇത് വളരെ നേരത്തെയുള്ള ഗൈഡ്ലൈൻസാണ്. 1997-ൽ ഈ ജഡ്ജ്മെന്റ് വന്നതിനുശേഷം, ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ കേരളത്തിൽ പോലീസ് അതിക്രമങ്ങളെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഡസൻ കണക്കിനാണ് ഉണ്ടായിരുന്നത്. അന്ന് അത് അവസാനിപ്പിക്കാൻ സാധിച്ചിട്ടില്ല. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. പരമ്പരാഗതമായ ശൈലിയിൽ പ്രവർത്തിക്കുന്ന പല പോലീസുകാരും ഇപ്പോഴുമുണ്ട്. ആരെയെങ്കിലും കിട്ടിയാൽ പെട്ടെന്ന് അടി കൊടുക്കണം. അതാണ് പോലീസിന്റെ പ്രവർത്തനമെന്ന് കരുതുന്ന, തെറ്റിദ്ധരിക്കുന്നവർ പോലീസിൽ ഇപ്പോഴുമുണ്ട്. അവർ ആദ്യകാലം മുതൽ ഉള്ളവരാണ്. ഈ ഗവൺമെന്റ് ലോക്കപ്പ് മർദ്ദനത്തിനെതിരാണ്. ലോക്കപ്പ് മർദ്ദനത്തെ ഈ ഗവൺമെന്റ് അനുകൂലിക്കുന്നില്ല. ലോക്കപ്പ് മർദ്ദനത്തിനെതിരെ ശക്തമായ താക്കീത് നൽകിയിട്ടുണ്ട്. ഒരു വർഷം 60 പ്രാവശ്യം ഗുണ്ടാ പ്രവർത്തനത്തിനും മോഷണത്തിനും ജാമ്യത്തിൽ പോയിട്ട് പിന്നേയും സ്ഥിരമായി ഗുണ്ടാ പ്രവർത്തനത്തിന് പോകുന്ന പ്രതികളുണ്ട്. അവരെ കൈകാര്യം ചെയ്യാൻ വേറെ ശക്തമായ നടപടി വേണം. ഏതായാലും ലോക്കപ്പ് മർദ്ദനം ഈ ഗവൺമെന്റ് ഒരിക്കലും അനുവദിക്കുകയില്ല. അത് ഗവൺമെന്റിന്റെ നയമല്ല. ബഹുമാനപ്പെട്ട ഷൺമുഖദാസ് പറഞ്ഞ കാര്യവും ആഫീസർമാരുടെ അടുത്ത യോഗം കൂടുന്ന അവസരത്തിൽ ശ്രദ്ധിക്കാം.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, പുതിയതായി ഇൻട്രോഡ്യൂസ് ചെയ്ത ഹൈവേ പട്രോളിംഗിനെ സംബന്ധിച്ച് എന്റെ നിയോജകമണ്ഡലത്തിൽ സാധാരണക്കാരുടെയിടയിൽ ധാരാളം പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. സാധാരണക്കാരൻ രണ്ട് റബ്ബർ ഷീറ്റ് കൊണ്ട് ഓട്ടോ റിക്ഷയിൽ പോകുമ്പോൾ 200 രൂപയും 300 രൂപയും ശിക്ഷിക്കുകയാണ്. അതുപോലെ കഴിഞ്ഞ ദിവസം ഒരു ലോറി തടി പിടിച്ചിട്ട് 3,000 രൂപ കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. മുവായിരം രൂപയുടെ സാധനമേയുള്ളൂ എന്ന് പറഞ്ഞപ്പോൾ 1,500 രൂപ കൊടുക്കാൻ പറഞ്ഞു. 1500 രൂപ കൊടുത്തപ്പോൾ അയാൾക്ക് കിട്ടിയത് 500 രൂപയുടെ റസീപ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ആണ്. 1,000 രൂപ എവിടെ പോയി എന്ന് ആർക്കും അറിയില്ല. എന്റെ നിയോജക മണ്ഡലത്തിലെ ഒരു ഗർഭിണിയും ഭർത്താവും നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയും കൂടി ഓട്ടോറിക്ഷായിൽ കയറി യാത്ര ചെയ്യുമ്പോൾ ഹൈവേ പട്രോളിന്റെ മുൻപിൽപ്പെട്ടു. നാലുപേർ യാത്ര ചെയ്യാൻ പാടില്ല മൂന്നു പേർ മാത്രമേ യാത്ര ചെയ്യാൻ പാടുള്ളൂ എന്ന് പറഞ്ഞ് പ്രശ്നം ഉണ്ടായി. ഈ ഒരു സ്ഥിതി അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഇത് മെയിൻ ചോദ്യത്തിൽ വരുന്നതല്ല.

ശ്രീ. എ. കെ. ബാലൻ : സർ, ഇത് നിയമപരമായിട്ടുള്ള ഒരു ചോദ്യമാണ്. 1986-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം 18 വയസ്സായ കുട്ടിയെ പോലീസ് അറസ്റ്റ് ചെയ്തു കഴിഞ്ഞാൽ ജുവനൈൽ കോർട്ടിലാണ് ഹാജരാക്കേണ്ടത്. 18 വയസ്സിന് താഴെയുള്ള നെഗ്ലക്റ്റഡ് കുട്ടികളെയാണെങ്കിൽ ജുവനൈൽ ഹോമിലാണ് ആക്കേണ്ടത്. അതിൽ 31 ആദിവാസി കുട്ടികളുണ്ട്. ഒൻപത് മാസം പ്രായമുള്ള സജിത് എന്ന കുട്ടിക്ക് അച്ഛനും അമ്മയും ഇല്ല. പോലീസ് അറസ്റ്റ് ചെയ്ത് സുൽത്താൻ ബത്തേരി ഫസ്റ്റ്ക്ലാസ് കോടതിയിൽ ഹാജരാക്കി. കോടതി റിമാന്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റി ആറ് ദിവസം അവിടെ താമസിപ്പിച്ചു. സെക്ഷൻ 13 പ്രകാരം പോലീസ് സ്റ്റേഷനിലോ ജയിലിലോ കുട്ടികളെ അടയ്ക്കാൻ പാടില്ല. ഇത് നിയമത്തിന് വിരുദ്ധമാണ്. അത് ശരിയാണോ എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് പരിശോധിക്കാമോ ?

ശ്രീ. എ. കെ ആന്റണി : സർ, ചോദ്യവും ഉത്തരവും ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു കഴിഞ്ഞു. കാരണം, ജയിലിൽ അടച്ചത് കോടതി എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഏതായാലും ഈ കാര്യം എഴുതിത്തരുകയാണെങ്കിൽ ഞാൻ അത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. ടി. കെ ദേവകുമാർ : സർ, സ്ത്രീകളെ സംരക്ഷിക്കുന്നതിനു വേണ്ടിയാണല്ലോ അങ്ങയുടെ സർക്കാർ വനിതാ കമ്മീഷൻ പുനഃ സംഘടിപ്പിച്ച് കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ ദിവസം ഈ വനിതാ കമ്മീഷൻ കേന്ദ്ര വനിതാ കമ്മീഷന് അയച്ച റിപ്പോർട്ട് ദൃശ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ ചോദ്യം, ഇവിടെ സ്ത്രീകളെ അറസ്റ്റ് ചെയ്യുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഒരു സ്ത്രീ ലാത്തി പ്രയോഗങ്ങൾക്കുൾപ്പെടെ വിധേയയായി എന്ന് പറഞ്ഞ് സംസ്ഥാന മുഖ്യമന്ത്രിക്ക് പരാതി കൊടുത്തു. ഈ സ്ത്രീയുടെ വിഷമം വനിതാ കമ്മീഷന് ബോദ്ധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സി.ബി.ഐ യുടെ ഈ അന്വേഷണം തീരുന്നതുവരെ വിടാതെ മനുഷ്യത്വപരമായി അറസ്റ്റ് ചെയ്തപ്പോൾ, സുപ്രീം കോടതി ഡയറക്ഷൻ വയലേറ്റ് ചെയ്തുവെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് അങ്ങ് അതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, സംസ്ഥാന ഗവൺമെൻറിന്റെ നിലപാടിൽ നിങ്ങൾക്കൊക്കെ ആക്ഷേപം വന്നതുകൊണ്ടാണ്. സാധാരണഗതിയിൽ സംസ്ഥാന ഗവൺമെന്റിന് അന്വേഷിക്കാൻ അധികാരമുണ്ട്, കടമയുണ്ട്. എന്നാലും കുറേക്കൂടി ഡീറ്റെയിൽഡ് ആയിട്ട് അന്വേഷിക്കട്ടെ എന്ന് വച്ചിട്ടാണ് എല്ലാ കേസുകളും സി.ബി.ഐ ക്ക് വിട്ടിരിക്കുന്നത്.

മഞ്ഞപ്പിത്തത്തിന് ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ

2 (*152) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പുവർഷം പനിയും മഞ്ഞപ്പിത്തവും പടർന്ന് പിടിക്കുകയുണ്ടായി ;

(ബി) പ്രസ്തുത രോഗങ്ങൾമൂലം എത്ര മരണം ഈ വർഷം ഉണ്ടായി ;

(സി) ഗ്രാമീണ ഗവൺമെന്റ് ആശുപത്രികളിൽ ഈ രോഗങ്ങളുടെ ചികിത്സയ്ക്കുള്ള മരുന്നുകൾ ലഭ്യമാണോ ;

(ഡി) അവ ലഭ്യമല്ലെങ്കിൽ, ഗ്രാമീണ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : (എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് പ്രധാനമായും പനിയും മഞ്ഞപ്പിത്തവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) ലഭ്യമായ കണക്കനുസരിച്ച് അഞ്ച് മരണമാണ് ഉണ്ടായിട്ടുള്ളത്.

(സി) ഈ രോഗങ്ങൾക്കുള്ള ചികിത്സാ സംവിധാനങ്ങൾ എല്ലാ ആശുപത്രികളിലും ഉണ്ട്. എന്നാൽ പ്രതിരോധിക്കുന്നതിനുള്ള വാക്സിൻ ഹെപ്പറ്റൈറ്റിസ് -ബി രോഗത്തിന് മാത്രമേ ലഭ്യമായിട്ടുള്ളൂ.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ മരുന്നുകളും മറ്റ് ചികിത്സാ സൗകര്യങ്ങളും എല്ലാ ആശുപത്രികളിലും സജ്ജമാക്കാൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എഴുകോൺ നാരായണൻ : സർ, ഹെപ്പറ്റൈറ്റിസ്-ബി രോഗത്തിന് മാത്രമേ വാക്സിനേഷൻ ഉള്ളൂ എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ടോട്ടൽ മഞ്ഞപ്പിത്തം രോഗങ്ങളിൽ രണ്ട് ശതമാനം മാത്രമാണ് ഹെപ്പറ്റൈറ്റിസ് -ബി രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ രോഗത്തിന്റെ ഭീകരതയുടെ മറവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അടക്കം ബഡ്ജറ്റുകൾ ഉണ്ടാക്കി 150 രൂപയോളം വില വരുന്ന പെൻഗ്രിഡ്സ് പോലെയുള്ള വാക്സിനേഷൻ വ്യാപകമായി ദുരുപയോഗം ചെയ്യുന്നുവെന്ന് മാധ്യമങ്ങളിൽ വന്നിരുന്നു. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഈ കാര്യത്തിൽ അന്വേഷണം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[23-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*151) ദയവായി കാണുക]

അറസ്റ്റു ചെയ്യുന്നതിനും തടങ്കലിൽ പാർപ്പിക്കുന്നതിനും മുമ്പ് പോലീസ് പാലിയ്ക്കേണ്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ

1. ഒരാളെ അറസ്റ്റു ചെയ്യുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ തന്റെ പേരും ഉദ്യോഗപ്പേരും വ്യക്തമാക്കുന്ന തിരിച്ചറിയൽ ബാഡ്ജുകൾ കാണത്തക്ക രീതിയിൽ ധരിച്ചിരിയ്ക്കേണ്ടതാണ്. അപ്രകാരം ചോദ്യം ചെയ്യുന്ന പോലീസുദ്യോഗസ്ഥന്മാരുടെ വിശദവിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2. അറസ്റ്റു ചെയ്യുന്ന പോലീസുദ്യോഗസ്ഥൻ അറസ്റ്റ് സംബന്ധിച്ച് ഒരു മെമ്മോ തയ്യാറാക്കേണ്ടതും അതിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളിന്റെ കുടുംബാംഗമോ ആ പ്രദേശത്തെ അറിയപ്പെടുന്ന ഒരു വ്യക്തിയോ ആരെങ്കിലും ഒരാൾ സാക്ഷിയായി ഒപ്പിടേണ്ടതുമാണ്. അപ്രകാരം തയ്യാറാക്കിയ മെമ്മോയിൽ അറസ്റ്റു ചെയ്യപ്പെട്ട ആൾ മേലൊപ്പു വയ്ക്കേണ്ടതും സമയവും തീയതിയും രേഖപ്പെടുത്തേണ്ടതുമാണ്.

3. അറസ്റ്റു മെമ്മോയിൽ ഒപ്പിട്ടിട്ടുള്ളത് അറസ്റ്റു ചെയ്യപ്പെട്ട ആളിന്റെ സുഹൃത്തോ ബന്ധുവോ അല്ലാത്തപക്ഷം, അറസ്റ്റു ചെയ്യപ്പെടുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യുകയും ഒരു പോലീസ് സ്റ്റേഷനിലോ ചോദ്യം ചെയ്യൽ കേന്ദ്രത്തിലോ മറ്റു തടവറകളിലോ കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്യപ്പെടുന്ന ഒരാൾക്ക്, അപ്രകാരം ചെയ്യപ്പെട്ടശേഷം കഴിയുന്നത്ര വേഗം, അയാളുടെ ഒരു സുഹൃത്തിനേയോ, ബന്ധുവിനേയോ, പരിചയക്കാരനേയോ, അയാളുടെ ക്ഷേമത്തിൽ തല്പരനായ ഒരാളെയോ വിവരം അറിയിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

4. അറസ്റ്റു ചെയ്യപ്പെട്ട ആളിന്റെ അടുത്ത സുഹൃത്തോ ബന്ധുവോ ജില്ലയ്ക്കോ പട്ടണത്തിനു പുറത്തോ താമസിക്കുന്ന പക്ഷം, അറസ്റ്റു ചെയ്ത സമയവും സ്ഥലവും കസ്റ്റഡിയിൽ വച്ചിരിക്കുന്ന സ്ഥലവും, അറസ്റ്റു ചെയ്ത ശേഷം 8 മുതൽ 12 മണിക്കൂറുകൾക്കകം, ജില്ലയിലെ നിയമസഹായ സംഘടനയും ബന്ധപ്പെട്ട പ്രദേശത്തെ പോലീസ് സ്റ്റേഷനും മുഖാന്തിരം പോലീസ് വിജ്ഞാപനപ്പെടുത്തേണ്ടതാണ്.

5. ഒരാളെ അറസ്റ്റു ചെയ്യുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്തശേഷം, കഴിയുന്നത്രവേഗം അറസ്റ്റോ, തടങ്കലോ സംബന്ധിച്ച വിവരം ആരെയെങ്കിലും അറിയിക്കുന്നതിനുള്ള അവകാശം അറസ്റ്റു ചെയ്യപ്പെട്ട ആളിന് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതാണ്.

6. അറസ്റ്റു സംബന്ധിച്ച വിവരവും പ്രസ്തുത വിവരം നല്കപ്പെട്ട അടുത്ത സുഹൃത്തിന്റെ പേരും അറസ്റ്റു ചെയ്യപ്പെട്ട ആളെ കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരും വിശദവിവരങ്ങളും തടങ്കലിൽ പാർപ്പിക്കുന്ന സ്ഥലത്ത് സൂക്ഷിച്ചിട്ടുള്ള ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. അറസ്റ്റു ചെയ്യപ്പെടുന്ന ആളെ, അയാൾ ആവശ്യപ്പെടുന്ന പക്ഷം, അറസ്റ്റു ചെയ്ത ഉടൻതന്നെ ദേഹപരിശോധനയ്ക്ക് വിധേയനാക്കേണ്ടതും വലുതും ചെറുതുമായ മുറിവുകൾ ഏതെങ്കിലും അയാളുടെ ശരീരത്തിലുണ്ടെങ്കിൽ തൽസമയം അതു രേഖപ്പെടുത്തേണ്ടതുമാണ്. 'പരിശോധനാ മെമ്മോയിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളും അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനും ഒപ്പു വയ്ക്കേണ്ടതും അതിന്റെ പകർപ്പ് അറസ്റ്റ് ചെയ്യപ്പെട്ട ആളിനു നൽകേണ്ടതുമാണ്.

8. അറസ്റ്റു ചെയ്യപ്പെട്ട ആളെ കസ്റ്റഡിയിലായിരിക്കുന്നിടത്തോളം, 48 മണിക്കൂറിലൊരിക്കൽ ബന്ധപ്പെട്ട സംസ്ഥാനത്തേയോ കേന്ദ്രഭരണ പ്രദേശത്തേയോ ആരോഗ്യവകുപ്പു ഡയറക്ടർ നിയമിച്ചിട്ടുള്ള അംഗീകൃത ഡോക്ടർമാരുടെ പാനലിലുള്ള വിദഗ്ദ്ധനായ ഒരു ഡോക്ടർ പരിശോധിക്കേണ്ടതാണ്. എല്ലാ താലൂക്കുകളിലേയും ജില്ലകളിലേക്കും വേണ്ടി അപ്രകാരമൊരു പാനൽ ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കേണ്ടതാണ്.

9. മേൽ പറഞ്ഞിട്ടുള്ള അറസ്റ്റു മെമ്മോ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടേയും പകർപ്പ് തക്ക അധികാരപരിധിയിലുള്ള മജിസ്ട്രേട്ടിന് രേഖപ്പെടുത്തുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്.

10. ചോദ്യം ചെയ്യലിനിടയിൽ, എല്ലായ്പ്പോഴുമല്ലെങ്കിലും, തന്റെ വക്കീലിനെ കാണുന്നതിന് അറസ്റ്റു ചെയ്യപ്പെട്ട ആളിന് അനുവാദം നൽകാവുന്നതാണ്.

11. എല്ലാ ജില്ലകളിലും സംസ്ഥാന ആസ്ഥാനങ്ങളിലും ഓരോ പോലീസ് കേന്ദ്രം തുറക്കേണ്ടതും അറസ്റ്റു ചെയ്യപ്പെട്ട ആളിന്റെ അറസ്റ്റും കസ്റ്റഡിയിലുള്ള സ്ഥലവും സംബന്ധിച്ച വിവരം അറസ്റ്റു ചെയ്ത ഉദ്യോഗസ്ഥൻ പ്രസ്തുത കേന്ദ്രത്തിലേയ്ക്ക് അറസ്റ്റു ചെയ്ത 12 മണിക്കൂറിനകം അയച്ചുകൊടുക്കേണ്ടതും ആയത് അവിടെ ഒരു പ്രധാനപ്പെട്ട സ്ഥലത്ത് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

അനുബന്ധം II

[23-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 19(*169) ദയവായി കാണുക]

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നിർവഹണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള സർക്കാർ നവീകരണ പരിപാടികൾ

1.	ആസ്തി പുനരുദ്ധാരണ ഫണ്ട്	60.00 കോടി രൂപ
2.	സോഷ്യൽ ആഡിറ്റ് പ്രവർത്തനക്ഷമമാക്കൽ	5.70 "
3.	പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ	3.25 "
4.	സേവന ലഭ്യത മെച്ചപ്പെടുത്തൽ	5.00 "
5.	ആക്ഷൻ പ്ലാൻ നടപ്പാക്കൽ	73.00 "
6.	കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കൽ	25.00 "

LIBRARY ARCHIVES Kerala Legislative Assembly